**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 781** **06-12-2022 - ൽ മറുപടിയ്ക്ക്**

**കാർഷിക മേഖല അടിസ്ഥാനമാക്കി വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. പി. നന്ദകുമാർ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഗ്രാമീണ ജനതയുടെ ജീവിത നിലവാരം ഉയർത്തുന്നതിനായി സ്ഥിര സ്വഭാവമുള്ള തൊഴിൽ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സഹകരണ മേഖല നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | സർക്കാരിന്റെ നൂറുദിന കർമ്മ പദ്ധതിയുടെ ഭാഗമായി സഹകരണ മേഖലയിലൂടെ 1184 സ്ഥിരം തൊഴിലും 55095 തൊഴിലവസരങ്ങളും സൃഷ്ടിച്ചിട്ടുണ്ട്.<br><br>കേരള സംസ്ഥാന സഹകരണ ബാങ്ക്/ അർബൻ സഹകരണ ബാങ്കുകൾ/പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന "**സഹകരണം സൗഹൃദം**" എന്ന പേരിൽ ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പാ വിതരണം ചെയ്യുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ആയതു വഴി 578 തൊഴിൽ അവസരം സൃഷ്ടിക്കുന്നതിന് സാധിക്കുന്നതാണ്.<br><br>കൃഷിയെ പ്രോൽസാഹിപ്പിക്കുന്നതിനും സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാദനം, സമാഹരണം, സംഭരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കൽ, ചില്ലറ വിൽപ്പന എന്നിവ പ്രോൽസാഹിപ്പിക്കുന്നതിനായി 2022-23 സാമ്പത്തിക വർഷം സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി ആരംഭിച്ചിട്ടുണ്ട്.<br><br>സഹകരണ സംഘങ്ങൾ മുഖേന 500 ഏക്കർ സ്ഥലത്ത് കൃഷി നടപ്പിലാക്കുന്ന സുഭിക്ഷ കേരളം പദ്ധതി നടപ്പാക്കിയിട്ടുണ്ട്.<br><br>കർഷകരിൽ നിന്നും നെല്ല് സംഭരിച്ച്, സംസ്കരിച്ച് വിപണനം ചെയ്യുന്നതിനായി |

| | | | |
|---|---|---|---|
| | | | പാലക്കാട് ജില്ലയിലെ 36 പ്രാഥമിക സഹകരണ സംഘങ്ങൾ അംഗങ്ങളായി പാലക്കാട് പാഡി പ്രൊക്യയർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും (PAPCOS പാലക്കാട് ഒഴികെയുള്ള ജില്ലകളിൽ പ്രവർത്തന പരിധിയായി കേരള പാഡി പ്രൊക്യൂർമെൻറ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ സൊസൈറ്റി ക്ലിപ്തം നമ്പർ.4505 (KAPCOS) എന്ന നെല്ല് സഹകരണ സംഘവും രൂപീകരിച്ചിട്ടുണ്ട്.<br><br>കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായ രൂപീകരിച്ച കേന്ദ്രാവിഷ്കൃത ധനസഹായ പദ്ധതിയായ കാർഷിക അടിസ്ഥാന സൗകര്യ വികസന നിധി (അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട്) പദ്ധതി പ്രകാരം സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്ക് ധനസഹായം ലഭ്യമാക്കി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | കാർഷിക മേഖല അടിസ്ഥാനമാക്കി വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; രണ്ട് മാസത്തിനുള്ളിൽ ആയിരത്തി മുന്നൂറ് സംരംഭങ്ങളെങ്കിലും ആരംഭിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | കൃഷിയെ പ്രോൽസാഹിപ്പിക്കുന്നതിനും സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാദനം, സമാഹരണം, സംഭരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കൽ, ചില്ലറ വിൽപ്പന എന്നിവ പ്രോൽസാഹിപ്പിക്കുന്നതിനായി 2022-23 സാമ്പത്തിക വർഷം ആരംഭിച്ചിട്ടുള്ള പുതിയ പദ്ധതിയാണ് സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി. ഈ പദ്ധതിയുടെ ഭാഗമായി ഓരോ ജില്ലകളിലും അഭ്യസ്തവിദ്യർക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഉല്പാദന ക്ലസ്റ്ററുകൾ അടിസ്ഥാനമാക്കി സ്റ്റാർട്ടപ്പുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി "തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് - സഹകരണ സംരംഭകത്വം, സ്റ്റാർട്ടപ്പുകൾ എന്നിവയ്ക്ക് പ്രോത്സാഹനം" എന്ന ഉപപദ്ധതി നടപ്പിലാക്കുന്നതാണ്. എല്ലാ ജില്ലകളിലും സുശക്തമായ പ്രൈമറി അഗ്രികൾച്ചർ ക്രെഡിറ്റ് സൊസൈറ്റികളെ തിരഞ്ഞെടുത്ത്, പ്രാദേശികമായി ലഭിക്കുന്ന കൃഷി ഉൽപ്പന്നങ്ങളെ ആസ്പദമാക്കി ഉത്പാദന ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതും കൃഷി അനുബന്ധ മേഖലയിലെ പ്രവർത്തികൾ ഏറ്റെടുക്കുന്നതിനും കൃഷിയുടെയും അനുബന്ധ ഉൽപ്പന്നങ്ങളുടെയും മൂല്യ വർദ്ധനവ്, സംസ്കരണം, വിപണനം, എന്നീ മേഖലകളിൽ ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുമായി ടി ഉപപദ്ധതിയിൽ 500.00 ലക്ഷം രൂപ 2022-23 വാർഷിക പദ്ധതി പ്രകാരം |

| | | | |
|---|---|---|---|
| | | | വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ക്ലസ്റ്ററിന് സബ്സിഡിയും, ഓഹരി സഹായവും നൽകും.<br><br>സഹകരണ സംഘങ്ങൾ മുഖേന 500 ഏക്കർ സ്ഥലത്ത് കൃഷി നടപ്പിലാക്കുന്ന പദ്ധതിയാണ് സുഭിക്ഷ കേരളം പദ്ധതി. 14 ജില്ലകളിലുമായി ആകെ 500 ഏക്കർ സ്ഥലത്താണ് കൃഷിതോട്ടങ്ങൾ നിർമ്മിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. പദ്ധതിയിലൂടെ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ഗ്രാമീണ ചന്ത മുഖേനയോ, കാർഷിക വിപണന കേന്ദ്രം മുഖേനയോ കോപ് മാർട്ടിന്റെ സ്റ്റാൾ മുഖേനയോ വിതരണം ചെയ്യുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട് 14 ജില്ലകളിലുമായി 5554 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.<br><br>കാർഷിക മേഖല അടിസ്ഥാനമാക്കി വ്യവസായസംരംഭങ്ങൾ ആരംഭിക്കാനുള്ള പദ്ധതികളുടെ ഭാഗമായി പാലക്കാട്ടെ നെൽകർഷകരുടെ പ്രതിസന്ധി പരിഹരിക്കും വിധം നെല്ല് സംഭരിച്ച്, സംസ്കരിച്ച്, വിപണനം നടത്തുന്നതിനായി പാലക്കാട് ജില്ലയിലെ 36 പ്രാഥമിക സഹകരണ സംഘങ്ങൾ അംഗങ്ങളായി പാലക്കാട് പാഡി പ്രൊക്വയർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (PAPCOS) രൂപീകരിച്ചു. പാലക്കാട് ഒഴികെയുള്ള ജില്ലകളിൽ പ്രവർത്തന പരിധിയായി കേരള പാഡി പ്രൊക്യുർമെൻറ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ.4505 (KAPCOS) എന്ന നെല്ല് സഹകരണ സംഘം 2021 ആഗസ്റ്റ് 27ന് രൂപീകരിച്ചു. കോട്ടയം ജില്ലയിലെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ അംഗങ്ങളാണ്. സംഘത്തിന്റെ അധീനതയിൽ കുട്ടനാടും അപ്പർ കുട്ടനാടും, പാലക്കാട് റൈസ് മിൽ മാതൃകയിൽ രണ്ട് ആധുനിക റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചു വരുന്നു.<br><br>കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി രൂപീകരിച്ച ധനസഹായ പദ്ധതിയായ കാർഷിക അടിസ്ഥാന സൗകര്യ വികസന നിധി (അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട്) പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാഥമിക വിവരങ്ങൾ ലഭ്യമായിട്ടുണ്ട്. ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ ധാരാളം തൊഴിൽ അവസരങ്ങൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | നബാർഡ് സഹായത്തോടെ നടപ്പാക്കുന്ന വിള സംരംഭകത്വ പദ്ധതിയെക്കുറിച്ചും പ്രസ്തുത പദ്ധതിയിലൂടെ കൈവരിക്കാനായ നേട്ടങ്ങളെക്കുറിച്ചും വ്യക്തമാക്കുമോ? | (സി) | കാർഷിക മേഖലയിൽ നബാർഡ് സഹായത്തോടെ 4% പലിശ നിരക്കിൽ കേരള ബാങ്ക് മുഖേന അനുവദിച്ച് വരുന്ന പദ്ധതിയായ PACS as MSC (Mutli Service Centre) സ്കീമിൽ ഉൾപ്പെടുത്തി വിള സംരംഭക |

| | | | |
|---|---|---|---|
| | | | ആവശ്യങ്ങൾക്കായിട്ടുള്ള വായ്പകൾ വിതരണം ചെയ്തു വരുന്നു. കേന്ദ്ര ഗവൺമെന്റിന്റെ Agriculture Infrastructure ഫണ്ടിൽ നിന്നും PACS as MSC സ്കീമിൽ അനുവദിച്ചു നൽകുന്ന 2 കോടി രൂപവരെയുള്ള വായ്പകൾക്ക് 3% പലിശ സബ്സിഡി നബാർഡ് മുഖേന ലഭിക്കുന്നു. പ്രസ്തുത പലിശ ഇളവ് കൃത്യമായി വായ്പ തിരിച്ചടക്കുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് നബാർഡിൽ നിന്ന് ലഭിക്കുന്നതാണ്. ഈയിനങ്ങളിൽ നാളിതുവരെ സംസ്ഥാനത്ത് ഉടനീളമുള്ള 66 പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കായി 160.87 കോടി രൂപയുടെ വായ്പ അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ